A

302

शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2016–17

## മലയാളം

സ്റ്റാൻഡേർഡ് – 3

സമയം: 2 മണിക്കൂർ

| | ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|---|
| കുട്ടിയുടെ പേര് ................................ | 1 | സംഭാഷണം | |
| വിദ്യാലയത്തിന്റെ പേര് ................................ | 2 | ജീവചരിത്രക്കുറിപ്പ് | |
| ഡിവിഷൻ ................................ | 3 | കവിതാപൂരണം | |
| രക്ഷിതാവിന്റെ ഒപ്പ് ................................ | 4 | വിവരണം | |
| അധ്യാപകന്റെ ഒപ്പ് ................................ | 5 | കഥാപൂരണം | |
| | | ഓവറോൾ ഗ്രേഡ് | |

**പ്രവർത്തനം 1 – സംഭാഷണം**

എ. കുട്ടികളും പക്ഷികളും എന്ന കവിതയിലെ ഉണ്ണിയെ ഓർക്കുന്നില്ലേ. ഒരു ദിവസം മുറ്റത്ത് കളിച്ചുകൊണ്ടിരിക്കുമ്പോൾ പുരയുടെ മുകളിൽ ഒരു മയിൽ പറന്നുവന്നിരുന്നു. ഉണ്ണി ആദ്യമായിട്ടാണ് ഈ പക്ഷിയെ കാണുന്നത്. അവൻ മയിലിന്റെയടുത്തേക്ക് ചെന്നു. മയിലുമായി സംസാരിച്ചു. അവർ തമ്മിൽ എന്തെല്ലാം പറഞ്ഞിരിക്കാം. സംഭാഷണം എഴുതൂ.

ഉണ്ണി :

ബി. ചിഹ്നം ചേർക്കൂ.

ഉണ്ണി ചോദിച്ചു   എനിക്ക് ഒരു മയിൽപ്പീലി തരുമോ

**പ്രവർത്തനം 2 - ജീവചരിത്രക്കുറിപ്പ്**

പ്രശസ്ത കവയിത്രിയായ സുഗതകുമാരി ടീച്ചറിനെക്കുറിച്ച് ഒരു കുട്ടി ശേഖരിച്ച വിവരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്. കൂടുതൽ കാര്യങ്ങൾ ഉൾപ്പെടുത്തി **ജീവചരിത്രക്കുറിപ്പ്** തയ്യാറാക്കുക.

ഒരു തൈ നടാം നമുക്കമ്മയ്ക്കുവേണ്ടി
ഒരു തൈ നടാം കൊച്ചുമക്കൾക്കുവേണ്ടി
ഒരു തൈ നടാം നൂറു കിളികൾക്കുവേണ്ടി
ഒരു തൈ നടാം നല്ല നാളേയ്ക്കുവേണ്ടി

കേരള സാഹിത്യ അക്കാദമി അവാർഡ് (പാതിരാപ്പൂക്കൾ), സാഹിത്യ അക്കാദമി അവാർഡ്, സാഹിത്യ പ്രവർത്തക അവാർഡ് (രാത്രിമഴ), വയലാർ അവാർഡ്, ഓടക്കുഴൽ അവാർഡ്, ആശാൻ പ്രൈസ് (അമ്പലമണി)

സാംസ്കാരിക പ്രവർത്തക



സുഗതകുമാരി

ജനനം : 1934 ജനുവരി 22
പിതാവ് : ബോധേശ്വരൻ
മാതാവ് : കെ.കാർത്ത്യായനി

ജവഹർ ബാലഭവൻ പ്രിൻസിപ്പാൾ, സംസ്ഥാന വനിതാകമ്മീഷൻ അധ്യക്ഷ, പ്രകൃതി സംരക്ഷണ സമിതിയുടെയും അഭയയുടെയും സ്ഥാപക സെക്രട്ടറി

2006 ൽ രാഷ്ട്രം പത്മശ്രീ നൽകി ആദരിച്ചു.

എഴുത്തച്ഛൻ പുരസ്കാരം
സാമൂഹിക സേവനത്തിനുള്ള ഭാട്ട്യ അവാർഡ്
പ്രകൃതി സംരക്ഷണത്തിനുള്ള ഇന്ത്യാ ഗവൺമെന്റിന്റെ ആദ്യത്തെ വൃക്ഷമിത്ര അവാർഡ്

അമ്പലമണി, കുറിഞ്ഞിപ്പൂക്കൾ, മണലെഴുത്ത്, തുലാവർഷപ്പച്ച, കൃഷ്ണ കവിതകൾ, വാഴത്തേൻ, കാവു തീണ്ടല്ലേ, ഒരു കുല പൂവുംകൂടി

പ്രവർത്തനം 3 – കവിതാപൂരണം

എ. തെങ്ങിൻ പൊത്തിലിരുന്ന തത്തക്കുഞ്ഞിനെ പിടിച്ച് റഹിം കൂട്ടിലാക്കിയതും തുടർന്നു നടന്ന സംഭവങ്ങളും അറിയാമല്ലോ? ആ വിവരങ്ങളെല്ലാം ചേർത്ത് കവിത പൂർത്തിയാക്കൂ.

തെങ്ങിന്റെ പൊത്തിലെ തത്തക്കുഞ്ഞ്
സന്തോഷത്തോടെ കഴിഞ്ഞ നാളിൽ
പൊത്തിൽ കഴിഞ്ഞൊരാ പൈതലിനെ
കൂട്ടിൽ പിടിച്ചിട്ടു തീറ്റ നൽകി.

.....................................

.....................................

.....................................

.....................................

.....................................

.....................................

.....................................

.....................................

ബി. അടിയിൽ വരയിട്ട വാക്കിനു പകരം പദങ്ങൾ ചേർത്തു കവിത മാറ്റിയെഴുതുക.

തെങ്ങിൻ പൊത്തിലെ തത്തക്കുഞ്ഞ്
<u>സന്തോഷത്തോടെ</u> കഴിഞ്ഞ നാളിൽ
<u>കൊക്കിൽ</u> കരുതിയ തീറ്റയുമായി
<u>തള്ളപ്പക്ഷി</u> പറന്നെത്തി.

..............................................

..............................................

..............................................

..............................................

## പ്രവർത്തനം 4 - വിവരണം

അരിയാണ് നമ്മുടെ പ്രധാന ആഹാരവസ്തു. എന്നാൽ നമ്മുടെ നാട്ടിൽ നെൽകൃഷി കുറഞ്ഞുവരികയാണ്. പല വിദ്യാലയങ്ങളിലും കുട്ടികൾ നെൽകൃഷി ചെയ്യുന്നുണ്ട്. നിങ്ങളുടെ വിദ്യാലയത്തിലും കൃഷി നടത്തിക്കൂടേ!

നെൽകൃഷി ചെയ്യുന്നതെങ്ങനെയെന്ന് നിങ്ങൾക്കറിയാമല്ലോ. ഘട്ടങ്ങൾ എഴുതി നോക്കൂ.




ഈ വിവരങ്ങൾ ഉൾപ്പെടുത്തി നെൽകൃഷിയെക്കുറിച്ച് വിവരണം എഴുതൂ.

**പ്രവർത്തനം 5 - കഥാപൂരണം**

ചിന്നുക്കോഴിക്ക് അഞ്ച് മക്കൾ. നാല് വെളുമ്പിക്കുഞ്ഞുങ്ങളും, ഒരു പുള്ളിക്കുഞ്ഞും. പുള്ളിക്കുഞ്ഞ് സുന്ദരിയായിരുന്നു. മറ്റുള്ളവർക്ക് അവളോട് വല്ലാത്ത കുശുമ്പ്. കൂടെ കളിക്കാനും കൊത്തിച്ചികയാനും അവർ പുള്ളിക്കുഞ്ഞിനെ കൂട്ടില്ല. പുള്ളിക്കുഞ്ഞിന് ആകെ വിഷമമായി. അവൾ അമ്മയോട് സങ്കടം പറഞ്ഞു. നീ വിഷമിക്കേണ്ട. നിന്നെ എല്ലാവരും സ്നേഹിക്കുന്ന ദിവസം വരും.

ചിന്നുക്കോഴിയുടെയും മക്കളുടെയും കഥയുടെ തുടക്കമാണ് കൊടുത്തിരിക്കുന്നത്. കഥയുടെ ബാക്കി ഭാഗം പൂർത്തിയാക്കുക.

........................